## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

### സംഗ്രഹം

ക്ലർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർമാരുടെ ആശ്രിത നിയമന ലിസ്റ്റിൽ ശ്രീമതി.രാജി.ബി-യെ ഉൾപ്പെടുത്തി ലിസ്റ്റ് പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി.**1434/15**/എസ്റ്റ-സി | തീയതി: **04/09/2024**

പരാമർശം:- **1. 29/12/2014** -ലെ ശ്രീമതി.രാജി.ബിയുടെ അപേക്ഷ.

2. വർക്കല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **22/04/2015**-ലെ **1371** നമ്പർ റിപ്പോർട്ട്.
3. **24/03/2018**-ലെ **ROC.3921/18/PIO/Est-C** നമ്പർ വിവരാവകാശ മറുപടി
4. ഈ ആഫീസിലെ **23/03/2018**-ലെ മേൽ നമ്പർ റിപ്പോർട്ട്.
5. **12/04/2018**-ലെ **ROC.No.16997/14/Est-IV** നമ്പർ ബോർഡ് ഉത്തരവ്
6. ബഹു:ഹൈക്കോടതിയുടെ **13/09/2023**-ലെ **WP (C).20780 of 2023** നമ്പർ വിധിന്യായം.
7. **26/10/2023**-ലെ **ROC.No.16997/14/Est-IV** നമ്പർ ബോർഡ് ഉത്തരവ്
8. ഈ ആഫീസിലെ **23/01/2024**-ലെ മേൽ നമ്പർ റിപ്പോർട്ട്.
9. **22/02/2024**-ലെ **ROC.No.16997/14/Est-IV** നമ്പർ ബോർഡ് ഉത്തരവ്
10. ഈ ആഫീസിലെ **23/01/2024**-ലെ മേൽ നമ്പർ റിപ്പോർട്ട്.
11. **31/08/2024**-ലെ **ROC.No.16997/14/Est-IV** നമ്പർ ബോർഡ് ഉത്തരവ്

### ഉത്തരവ്

വർക്കല ഗ്രൂപ്പിലെ കോഴിമട സബ്ഗ്രൂപ്പിൽപ്പെട്ട കുറക്കോട് - മുളക്കോട് ദേവസ്വം പഞ്ചവാദ്യ ലാവണത്തിൽ ജോലി നോക്കി വരവെ **26/06/2014**-ൽ മരണമടഞ്ഞ എസ്.രാജേന്ദ്രൻ പിള്ളയുടെ മകൾ ശ്രീമതി.രാജി.ബി പരാമർശം (1) പ്രകാരം ക്ലർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ ഹാജരാക്കി.

ഇതിനെ തുടർന്ന് പരാമർശം (2) ആയി വർക്കല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **APPENDIX B** സഹിതമുള്ള റിപ്പോർട്ട് ലഭിച്ചു. പരാമർശം (3) ആയി ടിയാളുടെ അമ്മ ശ്രീമതി.ബേബി അമ്മയ്ക്ക് വിവരാവകാശത്തിനു മറുപടി നൽകുന്നതിന്റെ ഭാഗമായി ഫയൽ പരിശോധിച്ച വേളയിൽ പരാമർശം (2) റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കണ്ട് ടിയാളുടെ പേര് ആശ്രിത നിയമന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (4) ആയി ബോർഡിലേയ്ക്ക് റിപ്പോർട്ട് നൽകി. തുടർന്ന് ടിയാളെ ആശ്രിതനിയമന ലിസ്റ്റിൽ ചേർക്കുവാൻ പരാമർശം (5) ആയി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.

നിയമനം ലഭിക്കാത്തതിനാൽ ടിയാൾ ബഹു:ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് പരാമർശം (6) ആയി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് ടിയാളെ നേരിൽ കേൾക്കുകയും, ശ്രീമതി.രാജി.ബി **29/12/2014**-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ **03/2018**-ലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് കാണുന്നതിനാൽ ആയത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് പരാമർശം (7) ആയി ആവശ്യപ്പെട്ടതനുസരിച്ച് ആയതിനുള്ള റിപ്പോർട്ട് പരാമർശം (8) ആയി നൽകി.

(മറുപുറം..)

ടിയാളെ 1-ാം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുമ്പോൾ സീനിയോറിറ്റി നഷ്ടപ്പെടുന്നവരെ നേരിൽ കേൾക്കുന്നതിന് പരാമർശം (9) ആയി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ട് പരാമർശം (10) ആയി റിപ്പോർട്ട് നൽകി.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.രാജി.ബി-യെ ക്ലറിക്കൽ തസ്തികയിലേയ്ക്കുള്ള 1-ാം റാങ്ക് പട്ടികയിൽ ക്രമ നമ്പർ 44(എ) ആയ ശ്രീമതി.അജിത.ജിയ്ക്ക് ശേഷവും ക്രമ നമ്പർ 44 (ബി) ആയ ശ്രീ.വിവേക് പോറ്റിയ്ക്ക് മുമ്പും 44 (എ-1) ആയി ഉൾപ്പെടുത്തുന്നതിന് ഈ ആഫീസിനെ ചുമതലപ്പെടുത്തി ഉത്തരവ് ലഭിച്ചു (പരാമർശം 11).

പ്രസ്തുത ബോർഡുത്തരവിന്റെയും റാങ്ക് പട്ടികയ്ക്ക് ആധാരമായ ഡെത്ത് സീനിയോറിറ്റിയുടെയും ടിയാളുടെ പൂർണ്ണമായ അപേക്ഷാ തീയതിയുടേയും (29/12/2014) അടിസ്ഥാനത്തിൽ ശ്രീമതി.രാജി.ബി-യെ ആശ്രിതനിയമനത്തിനായുള്ള ഒന്നാമത്തെ ലിസ്റ്റിൽ 44 എ-1 ആയി ഉൾപ്പെടുത്തി പ്രസ്തുത റാങ്ക് പട്ടിക പുനഃക്രമീകരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. ഐ.റ്റി സെക്ഷൻ
3. ശ്രീമതി.രാജി.ബി, ചരുവിള പുത്തൻവീട്, പൂതക്കുളം പി.ഒ, കൊല്ലം, പിൻ-691302
4. സെക്ഷൻ ഫയൽ
5. ഫെയർ ഓഫീസ് കോപ്പി

AR.04/09